**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5735** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ഹൃദ്യം പദ്ധതിയിൽ ഇതുവരെ എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറിയിക്കുമോ; | (എ) | ഹൃദ്യം പദ്ധതിയിൽ ഇതുവരെ 16373 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കുഞ്ഞുങ്ങളുടെ സർജറി ഇതിനകം നടത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഇതിനകം 5552 കുട്ടികളുടെ സർജറി നടത്തിയിട്ടുണ്ട്. |
| (സി) | ഹൃദ്യം പദ്ധതിയിൽപ്പെടുത്തി സർജറി ചെയ്യുന്നതിനായി രജിസ്റ്റർ ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് എത്ര ദിവസത്തിനുള്ളിൽ സർജറി നടത്താൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കുട്ടിയേയും 24 മണിക്കൂറിനുള്ളിൽ DEIC യിൽ നിന്നും ബന്ധപ്പെടുകയും രോഗത്തിന്റെ തീവ്രത അനുസരിച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം സർജറി നടത്തുകയും ചെയ്യുന്നു. രോഗത്തിന്റെ തീവ്രത അനുസരിച്ച് വിദഗ്ധ ഡോക്ടമാരുടെ നിദ്ദേശാനുസരണം രജിസ്റ്റർ ചെയ്ത് 24 മണിക്കൂർ മുതൽ സർജറി നടത്താറുണ്ട്. |
| (ഡി) | സർജറി ചെയ്യുന്നതിന് മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ? | (ഡി) | ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഓരോ കുട്ടിയുടെയും രോഗത്തിന്റെ തീവ്രത അനുസരിച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമാണ് മുൻഗണന നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ